**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലിത്തീറ്റയ്ക്കും മറ്റ് അനുബന്ധ സാധനങ്ങൾക്കും അമിതമായ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് കാരണം ക്ഷീര കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലിത്തീറ്റയുടെ ഉല്പാദന ചെലവ് കൂടുന്നതിനനുസരിച്ച് കാലിത്തീറ്റയുടെ വിലവർദ്ധനവ് ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ധനസഹായത്തോടുകൂടി പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് എന്നിവ ക്ഷീര കർഷകർക്ക് നൽകുവാൻ ക്ഷീരവികസന വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മുടക്കുമുതൽ കൂടുതലും വരുമാനം കുറവുമുള്ള തൊഴിലായി കാലി വളർത്തൽ മാറി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | പാലുല്പാദന ചെലവ് കുറച്ച് ക്ഷീരവൃത്തി ലാഭകരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് ധനസഹായത്തോടുകൂടി ക്ഷീരകർഷകർക്ക് നടപ്പിലാക്കി വരുന്നു.<br><br>പാലിന് കിട്ടുന്ന വിലയുടെ ഭൂരിഭാഗവും കർഷകർക്ക് കാലികളുടെ തീറ്റച്ചെലവുകൾക്കും ചികിത്സയ്ക്കുമായി ചെലവിടേണ്ടി വരുന്നു. ഇത് ഗൗരവമായി കണ്ടുകൊണ്ട് കർഷകരുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി സർക്കാർ ക്ഷീരസംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും, കാലിത്തീറ്റ സബ്സിഡികൾ നൽകിക്കൊണ്ടും മൃഗചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടും ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നു. |
| (സി) | കാലിത്തീറ്റകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വില അടിക്കടി വർധിക്കുന്നതും പുൽകൃഷി നടത്തുന്നതിന് സാഹചര്യം ഇല്ലാത്തതും ക്ഷീരകർഷകരെ ക്ഷീരമേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കാലിത്തീറ്റകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വില അടിക്കടി വർധിക്കുന്നതും പുൽകൃഷി നടത്തുന്നതിന് സാഹചര്യം ഇല്ലാത്തതും ക്ഷീരകർഷകർ നേരിടുന്ന പ്രധാന ബുദ്ധിമുട്ട് ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി ക്ഷീരവികസന വകുപ്പും |

എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പും ക്ഷീരമേഖലയിലെ പദ്ധതികൾക്കായി എല്ലാ സാമ്പത്തിക വർഷവും പ്ലാൻ ഫണ്ട് അനുവദിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുല്ല് ഉല്പാദിപ്പിക്കുന്നതിനും പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ്, TMR എന്നിവ സബ്സിഡി നിരക്കിൽ നല്കിയും ക്ഷീരവൃത്തി ആദായകരമാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്ന് മേഖലാ യൂണിയനുകളുടെ പങ്കാളിത്തത്തോടുകൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

ക്ഷീരമേഖലയിൽ നിന്നുമുള്ള നിലവിലെ കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുകയും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുന്നതിലേക്കായി താഴെപ്പറയുന്ന പദ്ധതികൾ മിൽമ മേഖലായൂണിയനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം മേഖല യൂണിയൻ **കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ഹരിതം-സൈലേജ് സബ്സിഡി സ്കീം** എന്നിവയും എറണാകുളം മേഖലാ യൂണിയൻ **ക്ഷീരസംഘങ്ങൾക്ക് വൈക്കോൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സൈലേജ് എത്തിച്ചുകൊടുക്കുന്ന പദ്ധതി** എന്നിവയും മലബാർ മേഖല യൂണിയൻ **കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുല്ല് വിതരണം, പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ്** എന്നിവയും ക്ഷീരകർഷകർക്ക് വിതരണം ചെയ്ത് നടപ്പിലാക്കി വരുന്നു.

മേഖലായൂണിയനുകളും ഫെഡറേഷനും അവരവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും കാലിത്തീറ്റ വില്പന വിലയിൽ സബ്സിഡികളും ഡിസ്കൗണ്ടുകളും നൽകുന്നത് കർഷകർക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 250 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കർഷകർ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായിട്ടാണ് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നത്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും, ക്ഷീരകർഷകരെ സഹായിക്കുന്നതിനും 05.06.2024 മുതൽ

| | | | |
|---|---|---|---|
| | | | ചാക്കൊന്നിന് 25 രൂപ മുതൽ 50 രൂപ വരെ മൺസൂൺകാല വിലക്കിഴിവ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ